I. ഇ.ബി. XV-കേരള നിയമസഭ/XIII-19

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 20, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

അങ്കണവാടി ജീവനക്കാരുടെ മിനിമം വേതനം വർധിപ്പിക്കൽ

മി. സ്പീക്കർ: കേരളത്തിലെ അങ്കണവാടി ജീവനക്കാർക്ക് പ്രതിമാസ വേതനം 21,000 രൂപയാക്കണമെന്നതടക്കമുള്ള ന്യായമായ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നില്ലെന്ന് പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ നജീബ് കാന്തപുരം, സജീവ് ജോസഫ്, മോൻസ് ജോസഫ്,

അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നോട്ടീസിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ അങ്കണവാടി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തുകയും അവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന പൂർത്തീകരിക്കുകയും ചെയ്തശേഷമാണ് വീണ്ടും വിഷയം ഉന്നയിക്കപ്പെടുന്നത്. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം ആവിഷ്കരിച്ച റിയൽ ടൈം മോണിറ്ററിങ് ആപ്ലിക്കേഷൻ വഴി സ്മാർട്ട് ഫോണിന്റെ സഹായത്തോടെയാണ് അങ്കണവാടി ജീവനക്കാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. 2019 മുതൽ നൽകിയ സ്മാർട്ട് ഫോണുകൾ മാറ്റി നൽകണമെന്ന് ജീവനക്കാർ ആവശ്യപ്പെടുകയും കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ അത് അംഗീകരിക്കുകയും ചെയ്തതിനെത്തുടർന്ന് അതിന്മേൽ നടപടി സ്വീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചയിൽ അംഗീകരിച്ചിരുന്നു. പെർഫോമൻസ് ഇൻസെന്റീവായി വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 250 രൂപയും നൽകിവരുന്നതിനുപുറമെ മറ്റ് സേവനങ്ങൾക്ക് PMMVY പ്രകാരം

ഗുണഭോക്തൃ അടിസ്ഥാനത്തിലുള്ള ഇൻസെന്റീവും നൽകിവരുന്നു. സംസ്ഥാനത്ത് നിലവിൽ 10 വർഷത്തിൽ കൂടുതൽ സർവീസുള്ള അങ്കണവാടി വർക്കർമാർക്ക് 13,000 രൂപയും ഹെൽപ്പർമാർക്ക് 9,000 രൂപയും 10 വർഷത്തിൽ കുറവ് സർവീസുള്ള അങ്കണവാടി വർക്കർമാർക്ക് 12,500 രൂപയും ഹെൽപ്പർമാർക്ക് 8,500 രൂപയും ഓണറേറിയമായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിലും ഈ തുകയുടെ 80 ശതമാനവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേന്ദ്ര-സംസ്ഥാന-പഞ്ചായത്ത് സംവിധാനങ്ങളിൽനിന്നും നൽകിവരുന്ന വേതനം

ഒറ്റത്തവണയായി 5-ാം തീയതിക്കകം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അങ്കണവാടി ജീവനക്കാരെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികൾ നല്ല രീതിയിൽ നടപ്പാക്കിവരുന്നു. യാത്രാബത്ത നിർത്തലാക്കിയ കേന്ദ്ര ഗവൺമെന്റ് നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 2,500, 1,500 രൂപ നിരക്കിലാണ് പെൻഷൻ നൽകുന്നത്. അങ്കണവാടികളിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം വർധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളിലെ ക്ഷേമനിധി

ബോർഡിന്റെ വരുമാനത്തിൽ കൂടുതൽ തുക പെൻഷനായി നൽകേണ്ടിവരുന്ന സാഹചര്യം പരിശോധിച്ചുവരുന്നു. 2024 നവംബർ വരെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞു. കുടിശ്ശിക ഉൾപ്പെടെയുള്ള കാര്യങ്ങൾ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം മുൻകാല പ്രാബല്യത്തോടെ വർധിപ്പിക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ നിയമവകുപ്പ് അപ്പീൽ നൽകിയത് ഖേദകരമാണ്. വേതനവും മറ്റാനുകൂല്യങ്ങളും വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റിനുമുന്നിൽ അങ്കണവാടി ജീവനക്കാരുടെ സമരം നടക്കുന്നതിനിടയിൽ സർക്കാർ ഹൈക്കോടതിയെ സമീപിക്കുന്ന നിലപാട് സ്വീകരിച്ചത് പ്രതിഷേധാർഹമാണ്.

മിനിമം കൂലി വർധന അടക്കമുള്ള വിവിധ ആവശ്യങ്ങളുന്നയിച്ച് അങ്കണവാടി ജീവനക്കാർ നടത്തുന്ന സമരത്തോട് അനുഭാവപൂർവമായ നിലപാട് സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. പി. രാജീവ്</u>: അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 13,000 രൂപയും 9,000 രൂപയുമായി വർധിപ്പിച്ചതും അവർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ അനുവദിച്ചതും ഈ ഗവൺമെന്റാണ്. 14-03-2025-ൽ ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ അങ്കണവാടി ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ അംഗീകരിച്ചിട്ടും സമരവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത് രാഷ്ട്രീയ പ്രേരിതമായാണ്. അങ്കണവാടി ജീവനക്കാരുടെ വേതനം പരിഷ്കരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനുപകരം രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്ന പ്രതിപക്ഷ നിലപാട് തിരുത്തപ്പെടണം. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന

നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) എ.സി. കനാൽ, വേമ്പനാട്ട് കായൽ എന്നിവയുടെ പുനരുദ്ധാരണം

ശ്രീ. തോമസ് കെ. തോമസ്: ഡ്രഡ്ജിങ് നടക്കാത്തതുമൂലം കുട്ടനാട്ടിലെ എ.സി. കനാലിലൂൾപ്പെടെ ചെളിയും പായലും നിറഞ്ഞ് നീരൊഴുക്ക് നിലച്ച് വെള്ളം മലിനമാകുകയും ജലഗതാഗതം തടസ്സപ്പെടുകയും ചെയ്തിരിക്കുന്നു. വേമ്പനാട്ട് കായലിന്റെ ആഴം വർധിപ്പിച്ച് ജലനിർഗമനം സാധ്യമാക്കുന്നതിനും ഹൗസ് ബോട്ടുകൾക്ക് സുഗമമായ സഞ്ചാരപാതയൊരുക്കുന്നതിനും നടപടി സ്വീകരിക്കണം. എ.സി. കനാലിന്റെയും അനുബന്ധ കനാലുകളിലെയും കായലുകളിലെയും പോളയും പായലും നീക്കം ചെയ്യുകയും അവ പുനരുദ്ധരിക്കുകയും ചെയ്യണം. ഇതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം വിളിച്ചുചേർക്കാൻ തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആലപ്പുഴ-ചങ്ങനാശ്ശേരി കനാലിന്റെ മനയ്ക്കച്ചിറ-ഒന്നാംകര ഭാഗത്തെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച 170 കോടി രൂപയുടെ പദ്ധതി

റിപ്പോർട്ടിന്മേൽ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. വേമ്പനാട്ട് കായലിലെ പോളയും പായലും എക്കലും നീക്കം ചെയ്ത് മത്സ്യപ്രജനന സാധ്യത വർധിപ്പിക്കുന്നതിനും കായലിന്റെയും തീരത്തിന്റെയും സൗന്ദര്യം വീണ്ടെടുക്കുന്നതിനും ജലഗതാഗതം സുഗമമാക്കി ടൂറിസം മേഖലയെ പരിപോഷിപ്പിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കായലുകളിൽനിന്നും നീക്കം ചെയ്യുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനുള്ള സ്ഥലലഭ്യതക്കുറവും പ്രാദേശികമായ എതിർപ്പും ഇത്തരം പ്രവൃത്തികൾക്ക് തടസ്സമാകുന്നുണ്ട്. നീക്കം ചെയ്യുന്ന ചെളി ഫില്ലിങ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. NHAI പോലുള്ള സ്ഥാപനങ്ങൾക്ക് നിശ്ചിതവില ഈടാക്കിക്കൊണ്ട് ഇത് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റെയിൽവേ പാലത്തിന്റെ സമീപത്തുള്ള എക്കലും ചെളിയും നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനയ്ക്കച്ചിറ ടൂറിസം പ്രാബല്യത്തിൽ വരുന്നതോടുകൂടി പോളയും എക്കലും ചെളിയും പൂർണ്ണമായും മാറുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(2) ആലുവയിൽ പുതിയ ജലശുദ്ധീകരണശാല

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി കോർപ്പറേഷനിലും സമീപ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. ആലുവ, മരട് എന്നിവിടങ്ങളിലെ ജലശുദ്ധീകരണശാലകളിൽ നിന്നുള്ള 175 എം.എൽ.ഡി. ജലമാണ് കൊച്ചി നഗരത്തിൽ വിതരണം ചെയ്യുന്നത്. കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി പുതിയ ജലസ്രോതസ് കൊച്ചിയിലെത്തിക്കാനുള്ള പദ്ധതിയില്ല. ആലുവയിൽ 190 എം.എൽ.ഡി. ശുദ്ധീകരണശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണശാല എ.ഡി.ബി. പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്നതിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കൊച്ചി കോർപ്പറേഷനിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്നത് ആലുവയിൽ സ്ഥിതിചെയ്യുന്ന നാല് ശുദ്ധീകരണശാലകളിൽ ഉൽപാദിപ്പിക്കുന്ന 225 എം.എൽ.ഡി. ജലമുപയോഗിച്ചാണ്. അനുവദനീയമായതിലും 30 ശതമാനം അധിക ജലം ഉൽപാദിപ്പിച്ച് 290 എം.എൽ.ഡി. ജലം നിലവിൽ വിതരണം ചെയ്യുന്നുണ്ട്. മരടിൽ

സ്ഥാപിച്ചിട്ടുള്ള 100 എം.എൽ.ഡി. ശേഷിയുള്ള ജലസംഭരണിയിൽനിന്നും പശ്ചിമകൊച്ചിയിൽ ജലം വിതരണം ചെയ്യുന്നുണ്ട്. കൊച്ചിയിലെയും സമീപപഞ്ചായത്തുകളിലെയും രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് ആലുവയിൽ 190 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയത്. പ്രസ്തുത ജലശുദ്ധീകരണ ശാല എ.ഡി.ബി., KUWSIP പദ്ധതിയിലുൾപ്പെടുത്താൻ തത്വത്തിൽ അംഗീകരിക്കുകയും 523 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്. പുതിയ ജലശുദ്ധീകരണ ശാല യാഥാർത്ഥ്യമാകുന്നതോടെ കൊച്ചി കോർപ്പറേഷനിലെയും സമീപത്തെ 5 മുനിസിപ്പാലിറ്റികളിലെയും 13 പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എ.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ 190 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവുമായി മുന്നോട്ടുപോകുകയുള്ളൂ.

## III സബ്മിഷൻ

(1) <u>പാവറട്ടി പെരിങ്ങാട് പുഴ സംരക്ഷിത വനമേഖലയാക്കിയ വിജ്ഞാപനം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): തൃശ്ശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിലെ ചേറ്റുവ പെരിങ്ങാട് പുഴയെ സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് പുഴയെ സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിച്ച കരട് വിജ്ഞാപനം പിൻവലിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പെരിങ്ങാട് പുഴയുടെ ഒഴുക്ക് നിലനിർത്തുന്നതിന് പാവറട്ടി പഞ്ചായത്തിലെ 234.18 ഏക്കർ സർക്കാർ വക ഭൂമി റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കണമെന്ന് ഐകകണ്ഠ്യേന തീരുമാനിച്ചതിനെത്തുടർന്നാണ് 15-02-2021-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. എന്നാൽ പ്രസ്തുത നോട്ടിഫിക്കേഷൻ വിപരീതഫലമാണുണ്ടായിരിക്കുന്നത്. പുഴയുടെ സംരക്ഷണം സാധ്യമാകുന്നില്ലെന്നുമാത്രമല്ല പരിസരവാസികൾ

ബുദ്ധിമുട്ടിലായിരിക്കുകയുമാണ്. നിയമപരമായ നടപടികളിലൂടെ കേന്ദ്രഗവൺമെന്റിനെ സമീപിച്ചാൽ മാത്രമേ പ്രസ്തുത നോട്ടിഫിക്കേഷൻ പിൻവലിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഡീ-നോട്ടിഫൈ ചെയ്യുന്നതിനും അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ താൽക്കാലിക സംരക്ഷണ നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനായി ഉന്നതതല യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ ഊർജിത നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുകയാണ്.

(2) <u>പൊതുമരാമത്ത് റോഡുകളോട് ചേർന്നുള്ള കൈവശ ഭൂമിക്ക് പട്ടയം</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളോട് ചേർന്നുള്ള മുഴുവൻ കൈവശഭൂമിക്കും പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): ഓരോ റോഡിനും എത്ര വീതിയാണ് ആവശ്യമുള്ളതെന്നും അതിന്റെ വികസനത്തിന് ശിപാർശകൾ നിലവിലുണ്ടോയെന്നും പുറമ്പോക്ക് ഭൂമികൾ ആവശ്യമായി വരുമോയെന്നും പൊതുമരാമത്ത് വകുപ്പിന് മാത്രമേ ആധികാരികമായി അറിയാൻ സാധിക്കുകയുള്ളൂ. റോഡ് പുറമ്പോക്ക്

നാമമാത്രമായി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ 2009-ലെ സർക്കുലർ തടസ്സമാകുന്നുണ്ട്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ റോഡ് പുറമ്പോക്കും അതിനോട് ചേർന്നുള്ള സ്ഥലങ്ങളും പതിച്ചുനൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുകയോ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയോ ചെയ്യുന്നില്ല. റവന്യൂ-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത യോഗം ചേർന്ന് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) മഞ്ചേശ്വരം താലൂക്കിലെ റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ്

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം താലൂക്കിലെ റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാനും ഗ്രൂപ്പ് വില്ലേജുകളെ വിഭജിച്ച് സ്വതന്ത്ര വില്ലേജ് ഓഫീസുകളാക്കാനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയുംവേഗം തീർപ്പാക്കുന്നതിനും കന്നഡ-മലയാളം എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): മഞ്ചേശ്വരം താലൂക്കിൽ വില്ലേജ് ഓഫീസർ തസ്തികയിൽ 2 ഒഴിവുകളും ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ 20 ഒഴിവുകളും വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്

തസ്തികയിൽ 5 ഒഴിവുകളും നിലവിലുണ്ട്. എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുള്ള 20 തസ്തികകൾ കന്നഡ-മലയാളം വിഭാഗത്തിന് മാത്രമായി മാറ്റിവച്ചിരിക്കുകയാണ്. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതുകൊണ്ട് കന്നഡ-മലയാളം എൽ.ഡി. ക്ലാർക്ക്/ വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർഥികളെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മഞ്ചേശ്വരം താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള 5 വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് ഉടൻതന്നെ നിയമന ഉത്തരവ് നൽകുന്നതാണ്. വില്ലേജ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും അതിലൂടെ ഒഴിവുവരുന്ന രണ്ട് വില്ലേജ് ഓഫീസർ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. മഞ്ചേശ്വരം, കാസർഗോഡ് ജില്ലകളിലെ എൽ.ആർ.എം. വിഭാഗങ്ങളിൽ ഹെഡ് സർവെയറുടെയും ഡ്രാഫ്റ്റ്സ്മാന്റെയും സേവനം ലഭ്യമാകുന്നുണ്ട്. എൽ.ആർ.എം. റീ-സർവെ വിഭാഗത്തിൽ തീർപ്പാക്കാനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക്

മഞ്ചേശ്വരം താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(4) കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ള ലഭ്യത

ശ്രീ. പി. സി. വിഷ്ണുനാഥ്: കുണ്ടറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും ഞാങ്കടവ് പദ്ധതിക്ക് MoRTH-ന്റെ അനുമതി ലഭ്യമാക്കാനും പെരിനാട് കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടിയിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാനും കൊറ്റങ്കര വാട്ടർ ടാങ്ക് നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കാനും വാട്ടർ കണക്ഷൻ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കാനും കെ.ഐ.പി. കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലലഭ്യത ഉറപ്പുവരുത്താനും ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ, പേരയം പഞ്ചായത്തുകളിൽ BAWSS to Kundara and adjoining Panchayaths കുടിവെള്ള പദ്ധതിയിൽനിന്നും ആഴ്ചയിൽ രണ്ടുമൂന്ന് ദിവസം ജലവിതരണം നടത്തുന്നുണ്ട്. ഇളമ്പള്ളൂർ

പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സായ പുനക്കന്നൂർ ചിറയിൽ ജലനിരപ്പ് താഴ്ന്നതിനാൽ കെ.ഐ.പി. കനാൽ വഴി ജലലഭ്യത ഉറപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ, ഡ്രോട്ട് റിലീഫ് ഫണ്ട് എന്നിവ വിനിയോഗിച്ച് വരൾച്ചാ കാലത്തും ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിവരുന്നു.

(5) കലശമല ഇക്കോ ടൂറിസം ഭൂമി ഏറ്റെടുക്കൽ

ശ്രീ. എ. സി. മൊയ്തീൻ: കുന്നംകുളം നിയോജകമണ്ഡലത്തിലെ കലശമല ഇക്കോ ടൂറിസത്തിന്റെ രണ്ടാംഘട്ട വികസനത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട കണ്ടിജൻസി ഫണ്ടിന്റെ കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കലശമല ഇക്കോ ടൂറിസം ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരത്തുകയായി 11.74 കോടി രൂപ നിശ്ചയിക്കുകയും ഇതിനുള്ള കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ്

അനുവദിക്കില്ലെന്ന നിബന്ധനയോടെയാണ് ഭരണാനുമതി നൽകിയത്. 50 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനത്തിന്റെ കാലാവധി നീട്ടുന്നതിനും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുമുള്ള ഇടപെടൽ നടത്തുകയാണ്. റവന്യൂ-ടൂറിസം വകുപ്പുകൾ കൂടിയാലോചിച്ച് പ്രതിസന്ധി പരിഹരിച്ച് നടപടികൾ പൂർത്തിയാക്കുന്നതാണ്.

(6) പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള ജി.എ.ഡി.-ക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനും പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ചുള്ള തിരുത്തലുകൾ വരുത്തിയ ജി.എ.ഡി. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതാണ്.

## (7) ആലത്തൂർ നിയോജകമണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ആലത്തൂർ നിയോജകമണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവൃത്തിക്ക് 14.53 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി പുതുക്കിയ അലൈൻമെന്റും ഡിസൈനും തയ്യാറാക്കിയിട്ടുണ്ട്; കിഫ്ബിയിൽനിന്ന് അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (8) തങ്കളം-കാക്കനാട് നാലുവരിപ്പാത

ശ്രീ. ആന്റണി ജോൺ: എറണാകുളം ജില്ലയിലെ തങ്കളം-കാക്കനാട് നാലുവരിപ്പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തങ്കളം-കാക്കനാട് നാലുവരിപ്പാത കിഫ്ബി പരിഗണിച്ച പ്രധാന പദ്ധതികളിലൊന്നാണ്. ഗ്രേഡിയന്റ് കൂടുതലായതിനാൽ ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിച്ച് റോഡ് ഡിസൈൻ ചെയ്യാൻ സാധ്യമല്ലെന്ന് ഡിസൈൻ വിഭാഗം കണ്ടെത്തിയതിനെത്തുടർന്ന് മറ്റ് അലൈൻമെന്റുകൾ പരിശോധിച്ചുവരികയാണ്. ടി റോഡിന്റെ ചെയിൻ വികസിപ്പിക്കുന്നതിനായി ബജറ്റിൽ 20 കോടി രൂപ സ്ഥലമേറ്റെടുക്കാൻ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാനാവശ്യമായ നടപടിക്രമങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്.

## (9) മണ്ണാർക്കാട്-മുള്ളി-തമിഴ്‌നാട് പാത തുറക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് നിന്നും അട്ടപ്പാടിയിലെ മുള്ളി വഴി ഊട്ടിയിലേക്ക് പോകുന്ന പാത തമിഴ്‌നാട് സർക്കാർ അടച്ച സാഹചര്യത്തിൽ അത് തുറക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മണ്ണാർക്കാട് നിന്നും മുള്ളി വഴി ഊട്ടിയിലേക്ക് പോകുന്ന പാത തുറക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് തമിഴ്‌നാട് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്തിരുന്നുവെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യം വീണ്ടും തമിഴ്‌നാട് സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

## (10)മണലൂർ നിയോജകമണ്ഡലത്തിലെ പാരീസ് റോഡ് പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ പാരീസ് റോഡ് പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ

ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡിന്റെ പുനരുദ്ധാരണത്തിനായി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 1.85 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തെങ്കിലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവൃത്തി പുനഃക്രമീകരിക്കുകയുണ്ടായി. രണ്ടുതവണ ടെൻഡർ ചെയ്തിട്ടും കരാറുകാരാരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. റീ ബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ കാലാവധി 2025 ജൂൺ 30-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പാരീസ് റോഡ് പുനരുദ്ധാരണം സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## (11)പൊതു ഇടങ്ങളിലെ തെരുവ് നായ ശല്യം

ശ്രീ. എം. എസ്. അരുൺ കുമാർ: പൊതു ഇടങ്ങളിൽ നായ്ക്കളുടെ ആക്രമണത്തിൽ മരണംവരെ സംഭവിക്കുന്ന സാഹചര്യത്തിൽ തെരുവുനായകളില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ

ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): വർധിച്ചുവരുന്ന തെരുവുനായ ആക്രമണം തടയുന്നതിന് വിവിധ പദ്ധതികളാവിഷ്കരിക്കുകയും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി Animal Birth Control പ്രോഗ്രാം നടപ്പാക്കിവരുന്നുണ്ട്. ടി പ്രോഗ്രാമിനുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുകയും ഇതുസംബന്ധിച്ച വിവിധ പരിപാടികൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ തുക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2025-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച റിപ്പോർട്ട്.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിനാല് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ.

(4) പട്ടികജാതി-പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ.

(5) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ.

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ.

## V ധനകാര്യം

**2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർഥന നമ്പർ XX | - | ശുദ്ധജലവിതരണവും ശുചീകരണവും (1298,91,41,000 രൂപ) |
| ധനാഭ്യർഥന നമ്പർ XXXVIII | - | ജലസേചനം (882,38,06,000 രൂപ) |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം
(3487,91,53,000 രൂപ)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XXX - ഭക്ഷ്യം
(2066, 40,23,000 രൂപ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XXXI - മൃഗസംരക്ഷണം
(1052,19,34,000 രൂപ)

ധനാഭ്യർഥന നമ്പർ XXXII - ക്ഷീരവികസനം
(214,40,68,000 രൂപ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എം.ആർ.എസ്.-കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. കാസർഗോഡ് ജില്ലയിലെ സാവിത്രിബായ് ഫൂലെ മെമ്മോറിയൽ ആശ്രമം

സ്കൂളിലെ 5 മുതൽ 8 വരെയുള്ള ക്ലാസുകൾക്ക് അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ജെ.ജെ.എം., അമൃത് പദ്ധതികളും മൂന്നാം കടവ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉദുമ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക ഹൈടെക് ഗോട്ട്ഫാമിന്റെ ശേഷിച്ച പണികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അർഹരായ എല്ലാവർക്കും റേഷൻ കാർഡ് വിതരണം ചെയ്യാൻ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. ക്ഷീരസംഘങ്ങളിലെ അംഗങ്ങളുടെ എണ്ണവും പ്രതിദിന സംഭരണവും വർധിപ്പിക്കുന്നതിനും കണ്ടിജൻസി ഫണ്ട് വർധിപ്പിക്കുന്നതിനും ആഡിറ്റ് സമയബന്ധിതമായി നടത്തുന്നതിനും ക്ഷീരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും കാലിത്തീറ്റ വില വർധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷീരകർഷകരെ കർഷകരുടെ ഗണത്തിൽപ്പെടുത്തി 4 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ജൽജീവൻ മിഷനുവേണ്ടി പൊളിച്ച റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. മലയാറ്റൂരിലെ

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. മുനമ്പം വിഷയത്തിൽ ശാശ്വത പരിഹാരത്തിനുള്ള നടപടി സ്വീകരിക്കണം. ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും ശിപാർശകൾ നടപ്പാക്കാനും സർക്കാർ തയ്യാറാകണം. എസ്.സി./എസ്.ടി, ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള വെട്ടിച്ചുരുക്കിയ സ്കോളർഷിപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശശി</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. നഷ്ടപ്പെട്ടുപോയ മുൻഗണനാ കാർഡ് അർഹരായ കുടുംബങ്ങൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമാക്കിയും പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തും ഭിന്നശേഷിക്കാർ, തെരുവോരത്ത് താമസിക്കുന്നവർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങൾക്ക് ആധാർ പരിശോധന നടത്തി റേഷൻ കാർഡുകൾ നൽകിയും പൊതുവിതരണ രംഗത്ത് മെച്ചപ്പെട്ട

പ്രവർത്തനമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. യാത്രാസൗകര്യമില്ലാത്ത ഊരുകളിലേർപ്പെടുത്തിയ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി മറ്റ് സ്ഥലങ്ങളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കിടപ്പുരോഗികൾക്കുവേണ്ടി ആവിഷ്കരിച്ച 'ഒപ്പം' പദ്ധതി ആശ്വാസകരമാണ്. കെ-സ്റ്റോറുകളുടെ എണ്ണം വർധിപ്പിക്കുന്ന നടപടി സ്വാഗതാർഹമാണ്. 100 ശതമാനം റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിച്ച ആദ്യ സംസ്ഥാനം കേരളമാണ്. പൊതുവിതരണ ശൃംഖലയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രശംസാപത്രം ലഭിച്ചത് ശ്രദ്ധേയമാണ്. മുൻഗണനാ കാർഡുകളുടെ മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പാലക്കാട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരടക്കമുള്ള അധ്യാപക-അനധ്യാപക തസ്തികകളിൽ ആരോഗ്യ വകുപ്പിൽനിന്നും ജീവനക്കാരെ നിയമിക്കണമെന്ന നിയമസഭാ സമിതിയുടെ ശിപാർശ നടപ്പാക്കണം.

പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം നേരിടാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരുവിധ നടപടിയുമുണ്ടാകുന്നില്ല. ജൽ ജീവൻ മിഷൻ പ്രവർത്തനത്തിനായി ഗ്രാമീണ റോഡുകൾ പൊളിച്ചിട്ടിരിക്കുന്നത് പുന:സ്ഥാപിക്കണം. കടലുണ്ടിപ്പുഴയിലും പുല്ലിപ്പുഴയിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കാനും വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മൂന്നിയൂർ ഗ്രാമപഞ്ചായത്തുകളിലേക്ക് കടലുണ്ടിപ്പുഴയിലൂടെ ഉപ്പുവെള്ളം കയറുന്നത് തടയാനായി ആലുംകടവ് റെഗുലേറ്റർ നിർമ്മിക്കാനും കാലപ്പഴക്കമുള്ള മണ്ണട്ടാംപാറ അണക്കെട്ട് പുനർനിർമ്മിക്കാനുള്ള സാധ്യതാ പഠനത്തിനും നടപടി സ്വീകരിക്കണം. റേഷൻ കടകളെ ലാഭത്തിലാക്കാനുള്ള നയം രൂപീകരിക്കാനും റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണ പാക്കേജിലെ വ്യവസ്ഥകൾ പുനഃപരിശോധിക്കാനും കമ്മിഷൻ യഥാസമയം വിതരണം ചെയ്യാനും തയ്യാറാകണം. വെട്ടിക്കുറച്ച ന്യൂനപക്ഷ സ്കോളർഷിപ്പ് പുനഃസ്ഥാപിക്കണം. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ മൈനോറിറ്റി സ്റ്റാറ്റസിനും സീറ്റ് വർധനവിനുമുള്ള

അപേക്ഷകളിലെ കാലതാമസം ഒഴിവാക്കണം. ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ തെരുവ് നായ, കുറുനരി ശല്യത്തിന് ശാശ്വതപരിഹാരം കാണണം.

ശ്രീ. പ്രമോദ് നാരായൺ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ജൽ ജീവൻ മിഷൻ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. മണ്ഡലകാലത്ത് നിലയ്ക്കലിൽ നേരിട്ട് വെള്ളമെത്തിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കായി പുതിയ കോഴ്സുകൾ ആരംഭിക്കണം. വാതിൽപ്പടി റേഷൻ പദ്ധതി പ്രകാരം ആദിവാസി ഊരുകളിൽ നേരിട്ട് റേഷൻ എത്തിക്കാനായത് വിപ്ലവകരമായ നേട്ടമാണ്.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർഥനകളെ എതിർക്കുന്നു. ജൽ ജീവൻ മിഷന്റെ സ്തംഭനാവസ്ഥ അപലപനീയമാണ്. കുടിശ്ശികമൂലം വാട്ടർ അതോറിറ്റിയിലെ കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നതിന് ശാശ്വത പരിഹാരം കാണണം. ജൽ ജീവൻ മിഷൻ പദ്ധതിക്കായി വിട്ടുനൽകിയതിലൂടെ തകർന്ന പി.ഡബ്ല്യു.ഡി., ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ഡാം റിസർവോയർ ബഫർ സോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട ആശങ്ക

ദൂരീകരിക്കണം. മില്ലുടമകളുടെ തട്ടിപ്പുകാരണം നെല്ല് സംഭരണം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നതിനാൽ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലടക്കം സർക്കാർ നേരിട്ട് നെല്ല് സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി./ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ വെട്ടിക്കുറച്ച ഫണ്ടുകൾ പുനഃസ്ഥാപിക്കണം.

ശ്രീ. യു. ആർ. പ്രദീപ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. World Hunger Index-ൽ രാജ്യം പിന്നോട്ട് പോകുമ്പോൾ വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ പട്ടിണിയില്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. 1779 റേഷൻ കടകൾ കെ-സ്റ്റോറുകളാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. റേഷൻ കടകൾ ഞായറാഴ്ചകളിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. അർഹമായ ഫണ്ടുകൾ നൽകാതെ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുകയാണ്. ചേലക്കര നിയോജകമണ്ഡലത്തിലെ അസനംകുണ്ട് ഡാമിന്റെ ചോർച്ച അടിയന്തരമായി പരിഹരിക്കണം. എസ്.സി./എസ്.ടി. വിഭാഗങ്ങൾ കൂടുതലുള്ള നിയോജകമണ്ഡലങ്ങൾക്ക് ജനസംഖ്യാനുപാതികമായി കൂടുതൽ ഫണ്ട് വകയിരുത്തണം.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ബഹിരാകാശ പര്യടനത്തിനുശേഷം ഭൂമിയിലേക്ക് മടങ്ങിയെത്തിയ ധീര വനിത ശ്രീമതി സുനിത വില്യംസിനും സംഘത്തിനും ആശംസകൾ നേരുന്നു. പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ പരിമിതമായ തുക നീക്കിവയ്ക്കുമ്പോഴും കേരളം ഈ മേഖലയിൽ കൂടുതൽ ഫണ്ട് വകയിരുത്തി മാതൃകയാവുകയാണ്. എസ്.സി./എസ്.ടി./മറ്റ് പിന്നാക്ക ജനവിഭാഗങ്ങളെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 810 കുട്ടികൾക്ക് വിദേശ പഠനത്തിനുള്ള സഹായം നൽകിയതും വരുമാന പരിധി കണക്കാക്കാതെ സ്കോളർഷിപ്പ് നൽകിവരുന്നതും സർക്കാരിന്റെ ഈ വിഭാഗത്തോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. കരിമ്പ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ടാങ്ക് നിർമ്മാണ പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനും NH 966-നുസമീപം പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് എൻ.എച്ച്.എ.ഐ.-യുടെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനും കാഞ്ഞിരപ്പുഴ പദ്ധതി സമയബന്ധിതമായി കമ്മീഷൻ ചെയ്യുന്നതിനും കോങ്ങാട് നിയോജകമണ്ഡലത്തിലെ സിങ്കപ്പാറ പട്ടികവർഗ നഗറിലെ

അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി തമിഴ്നാട് സർക്കാരിൽനിന്നും ധനസഹായം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ട പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. 30117 പട്ടികജാതി കുടുംബങ്ങൾക്കും 4811 പട്ടികവർഗ കുടുംബങ്ങൾക്കും ലൈഫ് പദ്ധതി മുഖേന വീട് നിർമ്മിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിൽനിന്നും വിവിധ കോഴ്സുകൾ പൂർത്തീകരിച്ച 54 വിദ്യാർത്ഥികളുടെ വിദേശയാത്രയ്ക്ക് സഹായം അനുവദിച്ചതും പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഠനമുറി പദ്ധതി ആരംഭിച്ചതും ശ്ലാഘനീയമാണ്. റേഷൻ മസ്റ്ററിങ്ങിന് ഫേസ് ആപ് ഉപയോഗിക്കുന്ന ആദ്യ സംസ്ഥാനമായി മാറാനായതും അർഹതയില്ലാതെ കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ തിരിച്ചുപിടിക്കാനായതും ഭക്ഷ്യ വകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. നെല്ലിന് ഉയർന്ന വില നൽകി മാതൃകാപരമായി നെല്ല് സംഭരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽനിന്നുള്ള ധനസഹായം ലഭ്യമാകുന്നതിനുള്ള

മാനദണ്ഡങ്ങൾ പുതുക്കിനിശ്ചയിച്ചതും നഷ്ടപരിഹാരത്തുക വർധിപ്പിച്ചതും സർക്കാരിന്റെ കർഷകരോടുള്ള സമീപനം വ്യക്തമാക്കുന്നതാണ്. പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുതകുന്ന നടപടികളുമായി മുന്നോട്ടുപോകുന്ന ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. മുല്ലശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെ വെട്ടിക്കുറച്ച സ്കോളർഷിപ് പുനഃസ്ഥാപിച്ച് സമയബന്ധിതമായി ലഭ്യമാക്കണം. എം.ആർ.എസ്.-കളിൽ മുഴുവൻ സമയവും അധ്യാപകരുടെ സേവനം ഉറപ്പാക്കണം. വനാവകാശ നിയമം പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തത് ഖേദകരമാണ്. പട്ടികവർഗ വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നൽകുന്ന ധനസഹായം ഏകീകരിക്കുകയും ഉന്നതികളിൽ ആംബുലൻസിന്റെ സേവനം ഉറപ്പുവരുത്തുകയും ചെയ്യണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണം. പാലക്കാട് അകത്തേത്തറ എഞ്ചിനീയറിങ് കോളേജിലെ എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ

ഇ-ഗ്രാന്റ്സ് തട്ടിയെടുത്തതുസംബന്ധിച്ച് അന്വേഷണം നടത്തണം. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിൽ കാതലായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. പി. സുമോദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിരവധി പട്ടികജാതി/പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകാനായതും എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ഇന്ത്യയിലെ ആദ്യ ജില്ലയായി തിരുവനന്തപുരത്തെ മാറ്റാനായതും ശ്ലാഘനീയമാണ്. തരൂർ നിയോജകമണ്ഡലത്തിലെ കെൽപാം അരി മില്ലിന്റെ നിർമ്മാണം ഈ വർഷംതന്നെ പൂർത്തീകരിക്കാനും കമ്മ്യൂണിറ്റി കോളേജിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് Food Craft Institute കൂടി പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്റ്റൽ വാർഡൻ, സെക്യൂരിറ്റി തസ്തികകളിൽ നിയമനം നടത്തണം. പട്ടികവർഗക്കാരുടെ ആധികാരിക രേഖകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനുള്ള എ.ബി.സി.ഡി. (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ) പദ്ധതി നടപ്പാക്കിയതും 'പഠന മുറി'

പദ്ധതിയിൽ 5 മുതൽ 7 വരെ ക്ലാസുകളിലെ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കലാകാരൻമാരെ സംരക്ഷിക്കുന്നതിന് നടപ്പാക്കിയ ഗദ്ദിക പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് പൈലറ്റ് കോഴ്സിന് അവസരമൊരുക്കുന്ന വിങ്സ് പദ്ധതിപ്രകാരം നിരവധി വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുകയും വകുപ്പിന്റെ ധനസഹായത്തോടെ നിരവധി വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കാൻ അവസരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ക്ഷീരോൽപാദന മേഖലയിൽ യുവസംരംഭകരെ ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും മിൽമയെ ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണം. മലപ്പുറം ജില്ലയിൽ ഒരു പാൽപ്പൊടി നിർമ്മാണ ഫാക്ടറി നിർമ്മിക്കാനായത് സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടമാണ്. മാതൃകാപരമായ പ്രവർത്തനങ്ങളുമായാണ്

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന വഖഫ് ഭേദഗതിയിലൂടെ വഖഫ് സ്വത്തുകൾ അന്യാധീനപ്പെടുകയും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയും ചെയ്യും. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ പ്രവർത്തനം മാതൃകാപരമാണ്. കണ്ണൂരിൽ പുതിയ ഹജ്ജ് ഹൗസ് നിർമ്മാണത്തിന് അഞ്ച് കോടി രൂപ നീക്കിവച്ച നടപടി അഭിനന്ദനാർഹമാണ്. സമാന്തര ഹജ്ജ് കമ്മിറ്റികൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള അനഭിലഷണീയ പ്രവണതകൾ എതിർക്കപ്പെടണം.

ശ്രീമതി ഒ. എസ്. അംബിക: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ പ്രായപരിധി 75 വയസ്സായും വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തിയതും സേഫ് പദ്ധതിയിലൂടെ 17829 ഭവനങ്ങൾ പൂർത്തിയാക്കിയതും ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികവിഭാഗങ്ങൾക്ക് ലഭ്യമായ ഭൂമി സർക്കാർ അനുവാദത്തോടെ പണയപ്പെടുത്താൻ അനുമതി നൽകിയതും ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഒരു കോടി രൂപ വീതം ചെലവഴിച്ച് 754 ഉന്നതികൾ സർക്കാർ ഏറ്റെടുത്തതും അഭിനന്ദനാർഹമാണ്. പഠനമുറി

പദ്ധതി ആനുകൂല്യം 5 മുതൽ 7 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്കും കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ലഭ്യമാക്കിയതും വരുമാന പരിധിയില്ലാതെ എസ്.സി./എസ്.ടി. വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അനുവദിച്ചതും ശ്ലാഘനീയമാണ്. പട്ടികവർഗ വിഭാഗത്തിന്റെ ആധികാരിക രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ രൂപീകരിച്ച എ.ബി.സി.ഡി. പദ്ധതി പാലക്കാട്, വയനാട് ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള 60 പേരെ പട്ടികജാതി വികസന വകുപ്പിലും 54 പേരെ പട്ടികവർഗ വികസന വകുപ്പിലും സോഷ്യൽ വർക്കർമാരായി നിയമിച്ചതിനൊപ്പം 380 പേരെ മാനേജ്മെന്റ് ട്രെയിനികളായും നിയമ ബിരുദധാരികളായ 69 യുവതീ-യുവാക്കളെ ലീഗൽ അസിസ്റ്റന്റുമാരായും നിയമിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതിയും പട്ടികവർഗ കുടുംബങ്ങൾക്കായി ആവിഷ്കരിച്ച ട്രൈബൽ പ്ലസ് പദ്ധതിയും ശ്രദ്ധേയമാണ്. ഉൾഗ്രാമങ്ങളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കാനും എസ്.ടി. വിഭാഗത്തിൽപ്പെട്ട 460 പേർക്ക് ബീറ്റ് പോലീസ് ഓഫീസർമാരായി നിയമനം നൽകാനും 34 ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിച്ച് നൽകാനും

ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. സന്തുലിത തീറ്റക്രമം സംബന്ധിച്ച അവബോധം നൽകി കുറഞ്ഞ ചെലവിൽ കൂടുതൽ പാലുൽപാദനം നടത്താൻ ക്ഷീരകർഷകരെ പ്രാപ്തരാക്കി. കർഷകർക്ക് ദുരന്തനിവാരണ ഫണ്ടിൽനിന്നുള്ള ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം ലഘൂകരിച്ച നടപടിയും കന്നുകാലി സെൻസസ് നടത്താനുള്ള തീരുമാനവും ആട്ടുവസന്ത നിർമ്മാർജനം ചെയ്യുന്നതിനായി സ്വീകരിച്ച നടപടിയും സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. ജൽ ജീവൻ മിഷൻ പദ്ധതിക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പുനർനിർമ്മിക്കാൻ പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ടും കരാറുകാരുടെ കുടിശ്ശിക തുകയും അനുവദിക്കാൻ നടപടി സ്വീകരിക്കണം. അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഒരു കോടി രൂപ അധിക വിഹിതം അനുവദിച്ച് പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുകയും ചുരുങ്ങിയത് പത്ത് വീടുകളെങ്കിലുമുള്ള ഉന്നതികളിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്യണം. പഠനമുറി പദ്ധതി പ്രകാരമുള്ള തുക വർധിപ്പിക്കുകയും പദ്ധതിയുടെ വാല്യുവേഷൻ നടപടികൾ ഉപഭോക്തൃ സൗഹൃദമാക്കുകയും വേണം. എസ്.സി. പ്രൊമോട്ടർമാരുടെയും ക്ലറിക്കൽ അസിസ്റ്റന്റുമാരുടെയും ഓണറേറിയം കാലോചിതമായി വർധിപ്പിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശങ്ങൾ

പ്രാവർത്തികമാക്കുകയും മദ്രസാധ്യാപകരുടെ ക്ഷേമനിധി ഗ്രാന്റും വഖഫ് ബോർഡിനുള്ള ഗ്രാന്റും വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുകയും വേണം. മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പ് വെട്ടിച്ചുരുക്കിയ നടപടി പുനഃപരിശോധിക്കണം. ഇറച്ചിക്കോഴി കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കാൻ കമ്മിഷനെ നിയമിക്കുന്നതും മിൽമ മോഡലിൽ ഇറച്ചിക്കോഴി കർഷകരുടെ കൂട്ടായ്മ രൂപീകരിക്കുന്നതും പരിഗണിക്കണം. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സബ്സിഡി 25000 രൂപയായി വർധിപ്പിക്കണം.

<u>ശ്രീ. ലിന്റോ ജോസഫ്</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശപഠനം സാധ്യമാക്കുന്നതിനും പൈലറ്റ് പഠന കോഴ്സിന് അവസരമൊരുക്കുന്നതിനും സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. വർഗീയവിഭജനം തടയുന്നതിനും കേന്ദ്ര ഗവൺമെന്റ് പണമനുവദിക്കാത്തതിന്റെ പേരിൽ മുടങ്ങിപ്പോകുന്ന ജൽ ജീവൻ മിഷൻ പദ്ധതി കൃത്യമായി നടപ്പാക്കാനും കരാറുകാരുടെ അലംഭാവം ഇല്ലാതാക്കാനും നടപടി സ്വീകരിക്കണം. കുടിവെള്ളത്തിനായി സ്ഥാപിച്ച

വലിയ ടാങ്കുകളുടെ അടിഭാഗത്തെ സ്ഥലം വിവിധ ഓഫീസുകൾക്കും ടൂറിസം മേഖലയ്ക്കും പ്രയോജനപ്പെടുത്താനും പുഴ പുറമ്പോക്കുകളായി കിടക്കുന്ന പ്രദേശങ്ങൾ ടൂറിസം പദ്ധതികൾക്കോ കായികമേഖലയ്ക്കോ ഉപയോഗപ്പെടുത്താനും കഴിയുമോയെന്ന് പരിശോധിക്കണം. വാട്ടർ സ്പോർട്സിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തണം.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വലിയ നിർമ്മാണ പ്രവർത്തനങ്ങളടക്കം ചെറുതും വലുതുമായ നിരവധി പദ്ധതികളാണ് ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വിദേശരാജ്യങ്ങളിലേക്ക് ഹിൽ അക്വയുടെ കുടിവെള്ളം കയറ്റുമതി ചെയ്യുന്നത് പ്രശംസനീയമാണ്. പുതുക്കാട് ഗ്രാമപഞ്ചായത്തിലെ ചെങ്ങാലൂരിലുള്ള മനക്കുലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അറ്റകുറ്റപ്പണിയും മേജർ ഇറിഗേഷന്റെ ഭാഗമായ ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണവും അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. തൃക്കൂർ ഗ്രാമപഞ്ചായത്തിലെ കാടുപിടിച്ചുകിടക്കുന്ന സ്ഥലം ടൂറിസം പദ്ധതികൾക്കായോ കളിസ്ഥലമായോ ഉപയോഗപ്പെടുത്തണം. അഡീഷണൽ ഇറിഗേഷന്റെ ഭാഗമായി കടവുകളും കുളങ്ങളും കെട്ടി

സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് 5.25 ലക്ഷം പേർക്ക് റേഷൻ കാർഡും അതിദരിദ്രരായ ഏഴായിരത്തിലധികം പേർക്ക് പ്രത്യേക റേഷൻ കാർഡും അതിഥി തൊഴിലാളികൾക്ക് പ്രത്യേകമായി റൈറ്റ് റേഷൻ കാർഡും വിതരണം ചെയ്തിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രയാസത്തിനിടയിലും സപ്ലൈകോയിൽ 1366 പേരുടെ നിയമനം നടത്തിയ നടപടി അഭിനന്ദനാർഹമാണ്. പ്രായമുള്ളവർക്ക് വീടുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്ന 'ഒപ്പം പദ്ധതി' വിജയകരമായി നടപ്പാക്കിവരുന്നു. കെ-സ്റ്റോറുകളെ കൂടുതൽ വിപുലീകരിക്കണം. പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശരാജ്യങ്ങളിൽ പഠിക്കുന്നതിനുള്ള സൗകര്യമൊരുക്കിയതും പട്ടികവർഗ ഗോത്ര വിഭാഗങ്ങളിൽപ്പെട്ട 460 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമിച്ചതും പ്രശംസനീയമാണ്. കൊടകര ബ്ലോക്കിൽ സഞ്ചരിക്കുന്ന മൊബൈൽ വെറ്ററിനറി സംവിധാനവും തൃശ്ശൂർ ജില്ലയിൽ മൊബൈൽ സ്കാൻ/മൊബൈൽ സർജറി സംവിധാനങ്ങളും അനിമൽ ബർത്ത് കൺട്രോൾ സംവിധാനവും ഏർപ്പെടുത്തണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ വിദ്യാർഥികളുടെ ക്വാളിറ്റി എഡ്യൂക്കേഷന്റെ ഭാഗമായി പഠനമുറി പദ്ധതിക്ക് 2 ലക്ഷം രൂപ നീക്കിവച്ചത് അഭിനന്ദനാർഹമാണ്. എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതിനും ഹോം സർവെയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും ഹോസ്റ്റൽ വിദ്യാർഥികൾക്കുള്ള അലവൻസ് വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുവിതരണ സമ്പ്രദായം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. റേഷൻ കടകൾക്കുള്ള ലൈസൻസിന് സംവരണ വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകിയ സർക്കാർ നടപടി അഭിനന്ദനാർഹമാണ്. കൊല്ലം ജില്ലയിലെ ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കാനും യുവതീ-യുവാക്കളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കാനും ഒരു ദിവസം 15 ലിറ്റർ പാലളക്കുന്ന കർഷകനെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്താനും നടപടി സ്വീകരിക്കണം. കെ.ഐ.പി. കനാലുകളിൽ വളർന്നുനിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ നടപടിയുണ്ടാകണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാവർക്കും റേഷൻ കാർഡുകൾ ലഭ്യമാക്കാൻ സാധിച്ചത് സർക്കാരിന്റെ ഭരണനേട്ടമാണ്. നെൽ കർഷകർക്ക് സംഭരണ സമയത്തുതന്നെ വില നൽകാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം കാലാനുസൃതമായി സംഭരണ വില വർധിപ്പിക്കുകയും ചെയ്യണം. തദ്ദേശസ്വയംഭരണ വകുപ്പിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ അക്രെഡിറ്റഡ് എഞ്ചിനീയർമാരായും ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ കോഴ്സ് പൂർത്തിയാക്കിയ എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരെയും സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി ഫോറസ്റ്റ് ബീറ്റ് ഓഫീസർമാരായി പട്ടികവർഗ വിഭാഗക്കാരെയും നിയമിച്ച സർക്കാർ നടപടി ശ്ലാഘനീയമാണ്. ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കാനും മംഗലം ഡാമിൽ നിർത്തിവച്ച പ്രവൃത്തി പുനരാരംഭിക്കാനും മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ആലത്തൂർ മണ്ഡലത്തിലേക്കുകൂടി വ്യാപിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് എസ്.സി., എസ്.ടി., ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടപ്പാക്കേണ്ട പദ്ധതികളെല്ലാം അവതാളത്തിലായിരിക്കുകയാണ്. പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ജനനി ജന്മ രക്ഷാ പദ്ധതിക്കും

വിദ്യാവാഹിനി പദ്ധതിക്കും ധനസഹായം നൽകണം. വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള സേഫ് പദ്ധതി ആരംഭിക്കാനും എസ്.സി./എസ്.ടി. വിദ്യാർഥികളുടെ ഫെലോഷിപ്പിനുള്ള തുക അനുവദിക്കാനും എസ്.സി. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചനും വാത്സല്യനിധി പദ്ധതിയും നിർത്തലാക്കിയതും ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് നൽകാനുള്ള സ്കോളർഷിപ്പ് തുക വകമാറ്റി ചെലവഴിച്ചതും പ്രതിഷേധാർഹമാണ്. കാറ്റാടിയിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാനും അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും സാധിച്ചത് അഭിനന്ദനാർഹമാണ്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാനത്തോടുള്ള അവഗണനയെ പിന്തുണയ്ക്കുന്ന പ്രതിപക്ഷ സമീപനം പ്രതിഷേധാർഹമാണ്. സംസ്ഥാനത്ത് എല്ലാവർക്കും റേഷൻ കാർഡ് അനുവദിച്ചതും റേഷൻ കടകളെ ആധുനികവൽക്കരിച്ചതും

ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ മികവ് വ്യക്തമാക്കുന്നതാണ്. ഭാവനാപൂർണ്ണമായ പദ്ധതികളാണ് ജലവിഭവ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പ്രാദേശിക ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയും വീടുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിച്ചും കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കുളങ്ങളും കിണറുകളും മാലിന്യമുക്തമാക്കുന്നതിനുള്ള ബൃഹത് പദ്ധതി ആവിഷ്കരിക്കണം. ഭൂരഹിതരായ പട്ടികവർഗക്കാരില്ലാത്ത ആദ്യത്തെ ജില്ലയായി തിരുവനന്തപുരത്തെ മാറ്റാൻ സാധിച്ചത് ശ്രദ്ധേയമാണ്. പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ അനുവദിക്കുന്ന വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഇൻസെന്റീവ് അനുവദിക്കണം. കർഷകർക്ക് വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം പദ്ധതി നടപ്പാക്കിയത് സ്വാഗതാർഹമാണ്. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്യാമ്പയിൻ ശക്തമാക്കണം.

<u>ശ്രീ. എം. രാജഗോപാലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സർവതോമുഖമായ വികസനം സാധ്യമാകണമെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ വികസനം ഉറപ്പാക്കണമെന്ന

ഉത്തമബോധ്യം സർക്കാരിനുണ്ട്. അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറാൻ പോകുന്നുവെന്നതും പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവർക്കായി നിരവധി ക്ഷേമപദ്ധതികൾ നടപ്പാക്കാനായതും അഭിമാനാർഹമാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള പദ്ധതികളോട് നിഷേധാത്മകമായ നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജൽ ജീവൻ മിഷൻ പദ്ധതി എത്രയുംവേഗം പൂർത്തിയാക്കണം. സംസ്ഥാനത്തെ 3872 റേഷൻ കടകൾ അടച്ചുപൂട്ടാനുള്ള തീരുമാനം പിൻവലിക്കണം. ക്ഷീര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും വന്യമൃഗ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർധിപ്പിക്കാനും നടപടി സ്വീകരിക്കണം. ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിലെ നിയമനങ്ങളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണം.

(പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗം നിരന്തരമായി ഭരണകക്ഷിയംഗങ്ങൾ തടസ്സപ്പെടുത്തുന്നതിൽ പ്രതിഷേധിക്കുന്നതായി പ്രതിപക്ഷ നേതാവ്

പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ 115 ഗ്രാമപഞ്ചായത്തുകളിലും 9 നിയമസഭാ മണ്ഡലങ്ങളിലും നൂറ് ശതമാനം കുടിവെള്ള ലഭ്യത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിച്ചതിനുശേഷം റോഡ് പുനഃസ്ഥാപിക്കാനുള്ള കാലതാമസം ഒഴിവാക്കാനായി മെയിൻ പമ്പിങ് ലൈനുള്ള പ്രദേശങ്ങളിൽ താൽക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനായി 1.2 ലക്ഷം കിലോമീറ്റർ ദൂരത്തിൽ റോഡുകൾ പൊളിച്ചതിൽ 51000 കിലോമീറ്റർ ദൂരത്തിൽ പൈപ്പുകൾ സ്ഥാപിക്കുകയും 41000 കിലോമീറ്റർ ദൂരത്തിൽ റോഡുകൾ പൂർണ്ണമായും പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ ട്രെയിനിങ് സെന്ററിൽ വിവിധ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ഹോട്ട് സ്പോട്ടുകളായി കണക്കാക്കിയ 10 സ്ഥലങ്ങളിൽ കിഫ്ബി പദ്ധതിയിലൂടെ 1500 കോടി രൂപയുടെ തീരദേശ സംരക്ഷണ പ്രവർത്തനങ്ങളും ഭൂതത്താൻകെട്ടിലും കാഞ്ഞിരപ്പുഴയിലും പൈലറ്റ് പ്രോജക്ടായി ഇറിഗേഷൻ ടൂറിസം പദ്ധതിയും നടപ്പാക്കുന്നതാണ്.

ജലസേചന വകുപ്പിനുകീഴിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കാൻ അനുമതി നൽകും. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) പുറത്തിറക്കുന്ന കുപ്പിവെള്ളം വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക് കുപ്പികൾക്കുപകരം ബയോഡിഗ്രേഡബിൾ ബോട്ടിലുകളിൽ വെള്ളം വിപണിയിലെത്തിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നിലയ്ക്കൽ-സീതത്തോട് കുടിവെള്ള പദ്ധതി യാഥാർഥ്യമാക്കാനും ശബരിമലയിൽ ആവശ്യാനുസരണം കുടിവെള്ളമെത്തിക്കാനും സാധിച്ചിട്ടുണ്ട്. ജല ബജറ്റ് രൂപകല്പന ചെയ്യാനും ക്രിട്ടിക്കൽ, സെമി-ക്രിട്ടിക്കൽ പ്രദേശങ്ങളിൽ ഭൂഗർഭ ജല സംരക്ഷണത്തെക്കുറിച്ച് പരിശോധിക്കാനും ഭൂഗർഭ ജലപരിപോഷണം നടപ്പാക്കാനും നടപടി സ്വീകരിക്കുന്നതാണ്. കട്ടുത്തുരുത്തി-പിറവം റോഡ് പുനഃസ്ഥാപിക്കുന്നതിനും കലുങ്ക് നിർമ്മാണത്തിനും ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ജൽ ജീവൻ മിഷന്റെ കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

## VI അറിയിപ്പ്

**മാലിന്യമുക്തം, നവകേരളം, കെ-സ്മാർട്ട് പദ്ധതികളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം**

മി. സ്പീക്കർ: തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രോജക്ടുകളായ മാലിന്യമുക്തം നവകേരളം, കെ-സ്മാർട്ട് എന്നിവ സംബന്ധിച്ചുള്ള ഒരു ഹ്രസ്വ വീഡിയോ പ്രദർശനം സഭാ സമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടത്തുന്നു. പ്രസ്തുത പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**(ധനകാര്യം ........ തുടർച്ച)**

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിനുകീഴിൽ വിദ്യാഭ്യാസം, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യനീതി ഉറപ്പുവരുത്തൽ തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിലെയും പിന്നാക്ക വിഭാഗ വികസന വകുപ്പിലെയും പദ്ധതി വിഹിതം ഗണ്യമായി വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന പട്ടികജാതി മേഖലയിൽ 148956 ഗുണഭോക്താക്കൾക്ക് വീടുകൾ

നിർമ്മിച്ചുനൽകാനും ' സേഫ് ' പദ്ധതി പ്രകാരം 20829 പട്ടികജാതി കുടുംബങ്ങൾക്കും 8401 പട്ടികവർഗ കുടുംബങ്ങൾക്കും ധനസഹായം നൽകാനും കഴിഞ്ഞിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ 930 ഗ്രാമങ്ങൾ അനുവദിക്കുകയും 1000 പുതിയ ഗ്രാമങ്ങൾ ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2017 മുതൽ നാളിതുവരെ 40236 പഠനമുറികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ആദ്യത്തെ ജില്ലയായി തിരുവനന്തപുരത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. 'കെടാവിളക്ക്', 'വിദ്യാവാഹിനി' എന്നീ പദ്ധതികളിലൂടെ വിദ്യാർഥികൾക്ക് വിവിധ ധനസഹായങ്ങൾ വിതരണം ചെയ്തുവരുന്നു. 'ട്രെയ്സ്' പദ്ധതി മുഖേന എഞ്ചിനീയറിങ്, മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തിവരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സ്കിൽ ഡെവലപ്മെന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ വികസന വകുപ്പ് കൈവരിച്ച നേട്ടങ്ങളും സാർവദേശീയ അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് അന്താരാഷ്ട്ര കോൺക്ലേവും ദേശീയ ട്രൈബൽ ഫെസ്റ്റും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാരംഭിക്കാനും

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക സൗകര്യങ്ങളുറപ്പുവരുത്താനും നടപടി സ്വീകരിക്കും. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കൊല്ലം ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കും. സിക്കിൾസെൽ അനീമിയ രോഗികളുടെ പ്രതിമാസ ധനസഹായം 2500/- രൂപയായി ഉയർത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, കണ്ണൂർ ജില്ലകളിൽ ഹെറിറ്റേജ് ടൂറിസം, സ്റ്റാർട്ടപ്പുകൾ എന്നിവ ആരംഭിച്ച് ആദിവാസി വിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തും. പട്ടികവർഗ വിഭാഗക്കാരുടെ ആധാർ ഉൾപ്പെടെയുള്ള വ്യക്തിഗത രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്ന 'എബിസിഡി' പദ്ധതി സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതാണ്. ഊരുകൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യപഠനമുറികളുടെ എണ്ണം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. തിരുവനന്തപുരം അംബേദ്കർ ഭവനിൽ അയ്യൻകാളി പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി. കെ. ചാത്തൻമാസ്റ്ററുടെ പേരിൽ തൃശ്ശൂരിൽ സ്ഥാപിക്കാൻ തീരുമാനിച്ച കെട്ടിട സമുച്ചയം അടിയന്തരമായി പൂർത്തിയാക്കും. പ്രളയബാധിത മേഖലകളിൽ സുസ്ഥിര പുനരധിവാസ പദ്ധതി നടപ്പാക്കും. പാരമ്പര്യ കലകളും സംസ്കാരവും സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും. കരകൗശല-കളിമൺപാത്ര

നിർമ്മാണത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് ആധുനികവൽക്കരിക്കാനും ഉൽപന്നങ്ങൾക്ക് സ്ഥിരം വിപണി ഉറപ്പുവരുത്താനും പദ്ധതികൾ ആവിഷ്ക്കരിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി നൂതന പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നത്. ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം വിധവകൾക്ക് 50,000/- രൂപ വരെ തിരിച്ചടയ്ക്കേണ്ടതില്ലാത്ത ധനസഹായവും വിദ്യാഭ്യാസ വായ്പാ പലിശയിനത്തിൽ 50,000/- രൂപ വരെ ധനസഹായവും നൽകുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി 'മാർഗ്ഗദീപം' സ്കോളർഷിപ്പ് ആരംഭിച്ചതോടൊപ്പം 11 സ്കോളർഷിപ്പുകൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. വിധവകൾക്ക് സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ജില്ലാ

ആസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കണ്ണൂർ വിമാനത്താവളത്തിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് അനുവദിക്കാനും കോഴിക്കോട് വിമാനത്തവാളത്തിൽ ഹജ്ജ് ഹൗസിനോട് ചേർന്ന് വനിതാ ബ്ലോക്ക് ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ജെ. ബി. കോശി കമ്മിഷൻ സമർപ്പിച്ചിട്ടുള്ള നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. മുനമ്പം ഭൂമി പ്രശ്നത്തിൽ ഹൈക്കോടതി വിധിയുടെയടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി <u>(ശ്രീ. ജി. ആർ. അനിൽ):</u> ഭക്ഷ്യഭദ്രത ഉറപ്പുവരുത്തി പൊതുവിതരണ വകുപ്പിനെ ശക്തിപ്പെടുത്താനുതകുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ സർക്കാരിന്റെ കാലയളിൽ 523786 മുൻഗണനാ കാർഡുകളും 'എല്ലാവർക്കും കാർഡ്' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 520563 പുതിയ കാർഡുകളും ക്ഷേമ സ്ഥാപനങ്ങൾക്ക് 8174 കാർഡുകളും 7316 എ.എ.വൈ. കാർഡുകളും നൽകാൻ സാധിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി ' റേഷൻ റൈറ്റ് കാർഡ്' പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. പത്ത് ജില്ലകളിൽ വിജയകരമായി നടപ്പാക്കിവരുന്ന 'സഞ്ചരിക്കുന്ന റേഷൻ കട' മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. റേഷൻകട ലൈസൻസി നിയമനത്തിൽ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സംഭരിക്കുകയും കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ വ്യാപാര മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി  സ്വീകരിക്കും. ഈ വർഷം പൂർത്തിയാക്കുന്ന പദ്ധതികളിൽ റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളെ ത്രാസുമായി ബന്ധിപ്പിക്കുന്ന പദ്ധതിയും ഇ-പോസ് മെഷീനുകളുടെ എ.എം.സി. പുതുക്കാനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. സഞ്ചരിക്കുന്ന റേഷൻകട പദ്ധതി പത്ത് ആദിവാസി ഉന്നതികളിലേക്കുകൂടി വ്യാപിപ്പിക്കുന്നതാണ്. പത്ത് മാവേലി സൂപ്പർ സ്റ്റോറുകളും പത്ത് പെട്രോൾ പമ്പുകളും ഈ വർഷം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ക്യാമറ നിരീക്ഷണം ശക്തമാക്കുന്നതിനുള്ള നടപടികളും സുഭിക്ഷ ഹോട്ടലുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും ഈ വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ നടപ്പാക്കിവരുന്ന

ഇ.ആർ.പി. സംവിധാനം ഈ വർഷം പൂർത്തീകരിക്കും. ലീഗൽ മെട്രോളജി വകുപ്പിന്റെ കോട്ടയം, കാസർഗോഡ് വയനാട് ജില്ലാ ഓഫീസുകൾ ഈ വർഷം ഉദ്ഘാടനം ചെയ്യാൻ സാധിക്കും. കൺസ്യൂമർ അഫയേഴ്സ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കോളേജ്/സ്കൂൾ തലത്തിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും കോന്നിയിൽ പ്രവർത്തിക്കുന്ന സി.എഫ്.ആർ.ഡി.-യുടെ പ്രവർത്തനം ശക്തീകരിക്കുന്നതിനും ഭക്ഷ്യ കമ്മിഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കും.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയ്ക്കായി 2025-26 വർഷത്തെ ബജറ്റിൽ 438.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാൽ, മുട്ട എന്നിവയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും കർഷകർക്കും ഉപഭോക്താക്കൾക്കും സുരക്ഷിതമായ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ മൃഗാശുപത്രികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനം പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്. എല്ലാ വെറ്ററിനറി ആശുപത്രികളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനുള്ള നിർദേശം

നൽകിയിട്ടുണ്ട്. മൃഗചികിത്സയോടൊപ്പം രോഗപ്രതിരോധത്തിനും മൃഗസംരക്ഷണ വകുപ്പ് പ്രാധാന്യം നൽകിവരുന്നുണ്ട്. ജന്തുരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രതിരോധ കുത്തിവയ്പുകൾ സമയബന്ധിതമായി നടപ്പാക്കാൻ ഫാം ലൈസൻസിങ്ങുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. മൊബൈൽ വെറ്ററിനറി യൂണിറ്റ് സംവിധാനം കേരളത്തിൽ നടപ്പാക്കും. പാറശ്ശാലയിലെ സർക്കാർ ആടുവളർത്തൽ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഹൈടക് ഗോട്ട്ഫാമിനെ ആധുനിക സൗകര്യങ്ങളോടുകൂടിയ ആടുവളർത്തൽ കേന്ദ്രമാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി സഹകരിച്ച് ഈ വർഷം കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും. കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്ത നിവാരണ ഫണ്ടിൽനിന്നും നൽകുന്ന നഷ്ടപരിഹാരത്തുക വർധിപ്പിച്ചിട്ടുണ്ട്. പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിച്ച പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീര സംഘങ്ങളെ ഓൺലൈൻ വഴി ബന്ധിപ്പിക്കുന്ന ക്ഷീരശ്രീ പോർട്ടൽ

നടപ്പാക്കിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട അതിദരിദ്ര കുടുംബങ്ങൾക്ക് ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കന്നുകുട്ടി പരിപാലനത്തിനായി 6 ക്ഷീര സഹകരണ സംഘങ്ങളിൽ കിടാരി പാർക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. 55 പുതിയ ക്ഷീരസംഘങ്ങൾ ആരംഭിക്കുന്നതിനും 11 പ്രവർത്തനരഹിത സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. ക്ഷീരകർഷർക്ക് പശുക്കൾ, കറവയന്ത്രം എന്നിവ വാങ്ങുന്നതിനും തൊഴുത്തുനിർമ്മാണം, നവീകരണം എന്നിവയ്ക്കും ധനസഹായം നൽകിയിട്ടുണ്ട്. ക്ഷീര പരിശീലന കേന്ദ്രത്തിന് ഈ വർഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ്. ലയങ്ങളിൽ കമ്മ്യൂണിറ്റി കാറ്റിൽഷെഡ് സ്ഥാപിച്ച് ക്ഷീര സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി ക്ഷീരലയം, ക്ഷീരസുരക്ഷ പദ്ധതികൾ നടപ്പാക്കിവരുന്നു. മിൽമ, കേരള ഫീഡ്സ് എന്നിവ വഴി കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. കേരള വെറ്ററിനറി സർവകലാശയുടെ കീഴിൽ വിവിധ ബിരുദ-ബിരുദാന്തര, ഡോക്ടറേറ്റ് കോഴ്സുകളിലായി 3000 വിദ്യാർഥികൾ പഠനവും ഗവേഷണവും നടത്തിവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിൽ വെറ്ററിനറി സർവകലാശാല നാലാം സ്ഥാനത്തും കാർഷിക അനുബന്ധ

സർവകലാശാലകളിൽ പൂക്കോട് വെറ്ററിനറി സർവകലാശാല ഒന്നാം സ്ഥാനത്തുമാണ്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആധുനിക സംവിധാനത്തോടുകൂടിയ ഫാക്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. അറവുമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിച്ച് ഉപോൽപന്നങ്ങളാക്കുന്നതിനായി റെൻഡറിങ് പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയും ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയും അനുവദിക്കണമെന്ന ഉപക്ഷേപം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർഥനകൾ</u>

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം ധനാഭ്യർഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം ധനാഭ്യർഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു. പ്രസ്തുത ധനാഭ്യർഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.37-ന് പിരിഞ്ഞു.)

* * * * *